## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1375 | 06.03.2018-ൽ മറുപടിയ്ക്ക് |
|---|---|

**ശുചിത്വ മാലിന്യ സംസ്കരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ്<br>,, വി.കെ.സി.മമ്മത്കോയ<br>,, റ്റി.വി.രാജേഷ്<br>,, എൻ.വിജയൻ പിള്ള | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1) വീടുകളിൽ ഉറവിട തല മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ.<br>2) കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ.<br>3) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവർത്തനം.<br>4) അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും, റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കുന്ന പ്രവർത്തനം<br>5) അജൈവ മാലിന്യ പരിപാലനത്തിന് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം<br>6) അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനും പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ<br>7) സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജനപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, പൗരൻമാർ അവരവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കൽ, ജീവിത ശൈലിയിലും രീതിയിലും മാറ്റം വരുത്തുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ<br>8) ദ്രവ മാലിന്യ പരിപാലനത്തിനനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രാവർത്തിക മാക്കൽ<br>9) വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ |
| (ബി) | അജൈവ മാലിന്യ സംസ്കരണത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ എം.സി.എഫ്/ |

| | | | |
|---|---|---|---|
| | | | ആർ.ആർ.എഫിൽ എത്തിക്കുക. അവിടെ നിന്ന് തരംതിരിച്ച് പുന:ചംക്രമണം ചെയ്യാവുന്നവ അതിനായി കൈമാറുക ഷ്രെഡ്ഡ് ചെയ്യാവുന്ന ഇനങ്ങളിലുള്ള പ്ളാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുക. സംസ്കരിക്കുവാൻ കഴിയാത്തവ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഏജൻസികൾക്ക് കൈമാറുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. |
| (സി) | അജൈവ മാലിന്യ ശേഖരണത്തിനായി ഏർപ്പെടുത്തിയ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും റിസോഴ്സ് റിക്കവറി സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിൽ സ്ഥാപിക്കപ്പെട്ട എം.സി.എഫു കളുടെയും, ആർ.ആർ.സികളുടെയും പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. |
| (ഡി) | അജൈവ മാലിന്യ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധയും മുൻഗണനയും ആവശ്യമാണെന്നതിനാൽ ഇതിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | • എല്ലാ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷ നുകളിലും എം.സി.എഫ്.<br>• ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്ളാസ്റ്റിക് ഷ്രെഡ്ഡിങ്ങ്, ബെയിലിങ്ങ്, ഡീഡസ്റ്റർ തുടങ്ങിയ സംവിധാനങ്ങളടക്കമുള്ള ആർ.ആർ.എഫുകൾ.<br>• റോഡ് ടാറിങ്ങിനായി ഷ്രെഡഡ് പ്ളാസ്റ്റിക്കിന്റെ ഉപയോഗം.<br>• സ്വാപ് ഷോപ്പുകൾ (പഴയ സാധനങ്ങൾ വിൽക്കുന്നതിനുള്ള സംവിധാനം).<br>• പൊതു ഓഫീസ്/സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ, പൊതു, സ്വകാര്യ, മതപരമായ പരിപാടികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ.<br>• മാലിന്യം കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുന:രുപയോഗിക്കുക, പുന:ചംക്രമണ വിധേയമായവ പ്രോത്സാഹിപ്പിക്കുക എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രത്യേക ക്യാമ്പയിൻ പ്രവർത്തനങ്ങൾ |

സെക്ഷൻ ഓഫീസർ